# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1536 03.10.2011-ൽ മറുപടിയ്ക്ക്

## തീരദേശ പരിപാലന നിയമം

ചോദ്യം: ശ്രീ. കെ.ദാസൻ

ഉത്തരം: ശ്രീ.ഉമ്മൻചാണ്ടി (ബഹു.മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | തീരദേശ പരിപാലന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ; പ്രസ്തുത നിയമം നടപ്പിലാക്കാൻ ജില്ലാ തലത്തിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വിശദമാക്കാമോ; കോഴിക്കോട് ജില്ലയിലെ ഉദ്യോഗസ്ഥരുടെ പേര് വിവരം അറിയിക്കാമോ; | (എ) ഉണ്ട്. തീരദേശപരിപാലന നിയമം നടപ്പിലാക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആണ്. സംസ്ഥാനത്ത് തീരദേശ സംരക്ഷണ അതോറിറ്റി ആണ് നിയമം നടപ്പിലാക്കാൻ മേൽനോട്ടം വഹിക്കുന്നത് 2011-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാനമനുസരിച്ച് സംസ്ഥാന അതോറിറ്റിയെ സഹായിക്കുന്നതിനായി ജില്ലാ തലത്തിൽ കളക്ടറുടെ അധ്യക്ഷതയിൽ തീരദേശത്തെ മത്സ്യമേഖലയിൽ ഉള്ളവരെക്കൂടി ഉൾകൊള്ളിച്ച് സമിതി രൂപീകരിക്കേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത നിയമത്തിന്റെ പരിധി ലംഘിച്ച് എവിടെയെങ്കിലും കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ; ; | (ബി) ഉണ്ട്. 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ 5-ാം സെക്ഷൻ പ്രകാരം നടപടി സ്വീകരിക്കുന്നതിന് കേരളാ സ്റ്റേറ്റ് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (കെ.സി.ഇസഡ്.എം.എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | തീരദേശങ്ങളിൽ അനധികൃതമായി മണലെടുക്കുന്നത് പ്രസ്തുത നിയമത്തിന്റെ പരിധിയിൽ നിയന്ത്രിക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ അത് ഫലപ്രദമായി നടപ്പിലാക്കുമോ; | (സി) തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനമനുസരിച്ച് നിയന്ത്രിത മേഖലയിൽ നിന്നും മണൽ ഖനനം ചെയ്യുന്നത് നിരോധിത പ്രവർത്തനമാണ്. നിയന്ത്രണ മേഖലയിൽ നിന്ന് മണലെടുക്കുന്നത് കുറ്റകരമാണ്. നിയമം കർശനമായി നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) കൊയിലാണ്ടി മണ്ഡലത്തിൽ പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ കാപ്പാട് തീരപ്രദേശത്ത് അനധികൃതമായി മണലെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ